(ബി) എങ്കിൽ ഇതിനുള്ള നടപടി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*:

(എ) മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ പാട്ടനിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മറ്റു പ്രദേശങ്ങളിൽ പാട്ടം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശമ്പളക്കമ്മീഷൻ ചോദ്യാവലിയിലെ അപാകതകൾ

*9 [8] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:*

„ *പി. ജയരാജൻ:*

„ *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം, ഇടക്കാലാശ്വാസം തുടങ്ങിയ കാര്യങ്ങളിൽ എന്തെങ്കിലും നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധമായി നിയോഗിച്ച കമ്മീഷന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ;

(സി) ശമ്പളക്കമ്മീഷൻ പുറപ്പെടുവിച്ച ചോദ്യാവലിയിൽ ഒട്ടേറെ പ്രതിലോമകരമായ ചോദ്യങ്ങൾ ഉള്ളതായി വ്യാപകമായ പരാതി ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം ചോദ്യങ്ങൾ പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം, ഇടക്കാലാശ്വാസം എന്നിവയെ സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി ശ്രീ. ആർ. നാരായണൻ ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം സർക്കാർ ഈ വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശബരി പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

മാലിന്യ നിർമ്മാർജ്ജന പദ്ധതി

*10 [9] *ശ്രീ. കെ. നാരായണക്കുറുപ്പ്:*

" *റോഷി അഗസ്റ്റിൻ:*

" *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച തോതിലുള്ള ജൈവ-ഖര മലിനീകരണം ഇല്ലാതാക്കുന്നതിന് ശാസ്ത്രീയമായ പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ നടത്തിപ്പ് സുഗമമാക്കുവാൻ ആവശ്യമായ ബോധവൽക്കരണ പരിപാടി ആവിഷ്കരിക്കുമോ;

(ഡി) മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ നിർവ്വഹണത്തിനും നിരീക്ഷണത്തിനുമായി വിദഗ്ദ്ധർ അടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):*

(എ) ഉണ്ട്.

(ബി) 2000-ാമാണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനം, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരവും 31-8-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 40/2004/പ്ലാനിംഗ് പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് സാങ്കേതിക സഹായം നൽകുന്നതിനും, പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനും വേണ്ടി സർക്കാർ ക്ലീൻ കേരള മിഷന് രൂപം കൊടുത്തിട്ടുണ്ട്. സ്രോതസ്സിൽ തന്നെ തരംതിരിച്ചുള്ള മാലിന്യ ശേഖരണം, ശാസ്ത്രീയമായി നിജപ്പെടുത്തിയ തെരുവ് ശുചീകരണം, കുറ്റമറ്റ ട്രാൻസ്പോർട്ടേഷൻ, സംസ്കരണ പ്ലാന്റ്, പരിസ്ഥിതിക്കനുയോജ്യമായ ലാന്റ് ഫില്ലിംഗ് സൗകര്യം ഇവ ഉൾപ്പെടുന്ന സംയോജിത ഖരമാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുന്നതിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly